web: www.thurannakathu.com

12
വ്യാഴം
ഒക്ടോബർ 2017
1192 കന്നി 26

തുറന്നകത്ത്

നിഷ്പക്ഷതയുടെ സാക്ഷ്യപത്രം

പാലക്കാട്

ഫോൺ: 0491-2501984, 2527777, 9447178984. E-mail:tkdpkd@gmail.com, f: thurannakathu palakkad P.B. No: 58

Estd: 1984 ● 'Registered': No.PGT/049/2015-2017 ● പുസ്തകം 32 ● ലക്കം 261 ● Member News Papers Association Of India ● RNI. Reg. No: 36217/84 ● വില 3 രൂപ ● പേജ് 4

നാളെ നടത്താനിരുന്ന പെട്രോൾ പമ്പ് പണിമുടക്ക് പിൻവലിച്ചു

ന്യൂഡൽഹി: പെട്രോൾ പമ്പ് ഉടമകൾ നാളെ നടത്താനിരുന്ന രാജ്യവ്യാപക പണിമുടക്ക് പിൻവലിച്ചു. പെട്രോളിയം ഡീലേഴ്സ് സംഘടനകളുടെ കൂട്ടായ്മയായ യുണൈറ്റഡ് പെട്രോളിയം ഫ്രണ്ടിന്റെ (യുപിഎഫ്) ആഭിമുഖ്യത്തിൽ രാജ്യമൊട്ടാകെയുള്ള 54,000 പെട്രോൾ പമ്പുകൾ അടച്ചിടാനായിരുന്നു നേരത്തേയുള്ള തീരുമാനം.

ആറു മാസത്തിലൊരിക്കൽ ഡീലർ കമ്മിഷൻ വർധിപ്പിക്കുക, മുതൽ മുടക്കിനനുസരിച്ചുള്ള റീ പെയ്മെന്റ്, ബാഷ്പീകരണ നഷ്ടം നികത്തുക, ഇന്ധന ട്രാൻസ്പോട്ടേഷനിലെ അപാകതകൾ പരിഹരിക്കുക, ഇന്ധന വിൽപ്പന ജിഎസ്ടിക്കു കീഴിലാക്കുക തുടങ്ങിയ ആവശ്യങ്ങൾ ഉന്നയിച്ചാണ് സമരത്തിന് ആഹ്വാനം ചെയ്തത്.

ടി പി വധം ഒത്തുതീർപ്പാക്കിയതിന്റെ പ്രതിഫലം സോളർ: വി ടി ബൽറാം

പാലക്കാട്: കോൺഗ്രസ് ഇനിയെങ്കിലും ഒത്തുതീർപ്പ് രാഷ്ട്രീയം അവസാനിപ്പിക്കണമെന്ന് വി.ടി. ബൽറാം എം എൽ എ. ടി.പി. ചന്ദ്രശേഖരൻ വധക്കേസ് നേരാംവണ്ണം അന്വേഷിക്കാതെ ഇടയ്ക്കുവച്ച് ഒത്തുതീർപ്പാക്കി. അതിനുകിട്ടിയ പ്രതിഫലമാണ് സോളർ കേസ് അന്വേഷണമെന്നും ബൽറാം സമൂഹമാധ്യമമായ ഫെയ്സ്ബുക്കിൽ കുറിച്ചു. ഇനിയെങ്കിലും കോൺഗ്രസ് അഡ്ജസ്റ്റ്മെന്റ് രാഷ്ട്രീയം അവസാനിപ്പിക്കണം. തോമസ് ചാണ്ടി ഉൾപ്പെടെയുള്ള അഴിമതിക്കാർക്കെതിരെ രംഗത്തുവരണമെന്നും ബൽറാം പറഞ്ഞു. വിശ്വാസ്യതയുടെ തരിമ്പെങ്കിലും ഈ റിപ്പോർട്ടിനുണ്ടെന്ന് ഇപ്പോഴത്തെ സൂചനകൾ വച്ച് അനുമാനിക്കാൻ കഴിയുന്നതല്ലെന്നും പരാജയപ്പെട്ട സർക്കാരിനെതിരായ ഭരണവിരുദ്ധ വികാരത്തെ വഴിതിരിച്ചുവിടാനാണിതെന്നും ബലറാം പറഞ്ഞു.

അധ്യാപക പരിഷത്ത് വനിതാസംഗമം 14 ന്

പാലക്കാട്: അധ്യാപക പരിഷത്ത് സംസ്ഥാന വനിതസംഗമം 14 ന് പാലക്കാട്ട് നടക്കും.താരേക്കാട് ഫൈൻ ആർട്സ് സൊസൈറ്റി ഹാളിൽ നടക്കുന്ന സമ്മേളനം ഹിന്ദു ഐക്യവേദി സംസ്ഥാന പ്രസിഡന്റ് കെ.പി.ശശികല, ഹയർസെക്കണ്ടറി മുൻ ഡയറക്ടർ സി.പി.ചിത്ര എന്നിവർ പ്രഭാഷണങ്ങൾ നടത്തും.

വയലാർ രാമവർമ്മയുടെ ഭാര്യ ഭാരതി തമ്പുരാട്ടി ഭദ്രദീപം തെളിയിക്കുന്നചടങ്ങിൽ നഗരസഭാ ചെയർപേഴ്സൺ പ്രമീള ശശിധരൻ വനിതാ സംഗമം ഉദ്ഘാടനം ചെയ്യും. യോഗത്തിൽ സംസ്ഥാന വൈസ് പ്രസിഡന്റ് സി.ജീജാ ഭായ് അധ്യക്ഷത വഹിക്കും. സ്വാഗത സംഘം വൈസ് ചെയർമാൻ വി.എസ്. കൃഷ്ണകുമാരി സ്വാഗതവും ജോ.കൺവീനർ എം.രമാദേവി നന്ദിയും പറയും.

400 ഓളം അധ്യാപകർ പങ്കെടുക്കുന്ന സമ്മേളനത്തിന്റെ സമാപന സമ്മേളനം എൻ.ടി.യു ജന. സെക്രട്ടറി പി.എസ്.ഗോപകുമാർ ഉദ്ഘാടനം ചെയ്യും. സെക്രട്ടറി കെ.രേവതി അധ്യക്ഷത വഹിക്കും. പത്രസമ്മേളനത്തിൽ സംസ്ഥാന പ്രസിഡന്റ് കെ.എന്.വിനോദ്, ടി.എസ്.ഗോപകുമാർ, എൻ.സത്യഭാമ, എം.ശിവദാസ്, എം.ഗീത എന്നിവർ പങ്കെടുത്തു.

സോളർ കേസ് അന്വേഷണത്തിന് വിപുലമായ സംഘം വരുന്നു

തിരു: സോളർ കേസ് അന്വേഷണത്തിന് വിപുലമായ സംഘം രൂപീകരിക്കും. ഇത് സംബന്ധിച്ച സർക്കാർ ഉത്തരവ് ഇറങ്ങി. അന്വേഷണ വിഷയങ്ങളും റിപ്പോർട്ടിലുണ്ടാകും. അതേസമയം സോളർ കമ്മിഷൻ റിപ്പോർട്ടിൽ രാഷ്ട്രീയ ഇടപെടൽ ഉണ്ടായിട്ടില്ലെന്ന് കമ്മിഷൻ സെക്രട്ടറി പി.എസ്. ദിവാകരൻ. സമർദങ്ങളൊന്നുമില്ലാതെയാണ് റിപ്പോർട്ട് തയാറാക്കിയത്. കണ്ടെത്തലുകളെല്ലാം വാസ്തവമാണെന്നും അദ്ദേഹം കൊച്ചിയിൽ പറഞ്ഞു.

സോളർ കമ്മിഷൻ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ തുടരന്വേഷണത്തിന്റെ ഭാഗമായുള്ള വിജിലൻസ്, ക്രിമിനൽ കേസ് അന്വേഷണ ഉത്തരവുകൾ ഇന്നിറങ്ങും. പ്രത്യേകസംഘത്തെ രൂപീകരിച്ചാലുടൻ ഉമ്മൻ ചാണ്ടി അടക്കമുള്ളവർക്കെതിരെ മാനഭംഗത്തിനും തെളിവ് നശിപ്പിച്ചതിനും കേസെടുക്കും.

നഗരസഭാ കൗൺസിലറുടെ മർദ്ദനമേറ്റ മുൻ കൗൺസിലർ ജില്ലാ ആശുപത്രിയിൽ

പാലക്കാട്: നഗരസഭാ കൗൺസിലറുടെയും സുഹൃത്തിന്റെയും മർദ്ദനമേറ്റു എന്ന പരാതിയിൽ മുൻ നഗരസഭാ കൗൺസിലർ ഭാസി എന്ന ഭാസ്കരൻ ജില്ലാ ആശുപത്രിയിൽ ചികിത്സയിലാണ്.

ഇന്നലെ രാത്രി 10 മണിയോടെയായിരുന്നു സംഭവമെന്ന് ഭാസ്കരൻ പറയുന്നു. മാട്ടുമന്ത മുരുഗണിയിലെ ഒന്നരഏക്കർ നിലം നികത്തുന്നതിന്റെ ഭാഗമായി ചാലുകൾ കയ്യേറി കരിങ്കല്ല് കെട്ടുകയും ചെയ്തു.

നിലം ഭൂമി വിൽപ്പനയ്ക്കായി കഷ്ണം കഷ്ണമായി വീതിച്ച് റോഡ് നിർമ്മിക്കുകയും ചെയ്തു. സിപിഎം പ്രവർത്തകർ എതിർത്തതിനെത്തുടർന്ന് കഴിഞ്ഞ ഒരു വർഷമായി പ്രവർത്തനം നിർത്തിവച്ചിരിക്കുകയായിരുന്നു.

എന്നാൽ ഈ നിലത്തിലൂടെ റോഡ് നിർമ്മിക്കുന്നതിനായി നിലം ഭൂമിക്ക് അക്കരെ രണ്ട്സെന്റ് ഭൂമി നഗരസഭയ്ക്ക് കൈമാറാൻ ഭവദാസ് അപേക്ഷ നൽകിയിരുന്നു. കഴിഞ്ഞ ആഴ്ച അംഗൻ വാടിയിലേക്കുള്ള ഭൂമി കൈമാറുന്നതിനും റോഡ് നിർമ്മിക്കുന്നതിനും നഗരസഭയിൽ അനുമതി ആവശ്യപ്പെട്ട് ഭവദാസും കൂട്ടരും കത്ത് നൽകി.

ഏക്കർ കണക്കിന് നിലം ഭൂമി നികത്തുന്നതിന് നൽകിയ അപേക്ഷ അനുവദിക്കരുതെന്നാവശ്യപ്പെട്ട് ഭാസി എന്ന ഭാസ്കരൻ രംഗത്ത് വന്നതാണ് അക്രമത്തിന് കാരണമെന്ന് അദ്ദേഹം പറഞ്ഞു.

മാട്ടുമന്തയിലെയും പരിസരത്തെയും 10 ഓളം ഏക്കർഭൂമിയാണ് കൗൺസിലറുടെ നേതൃത്വത്തിലുള്ള സംഘം നികത്തുന്നതെന്നും ഇതിനെതിരെ രംഗത്ത് വരുന്നവരെ ഇല്ലാതാക്കാനാണ് ശ്രമമെന്നും അദ്ദേഹം പരാതിയിൽ പറയുന്നു.

ഭാസ്കരൻ ടൗൺ നോർത്ത് പോലീസിൽ പരാതി നൽകിയെങ്കിലും കേസെടുത്തിട്ടില്ലെന്ന് അധികൃതർ പറഞ്ഞു.

കെപിസിസി ഭാരവാഹികളിൽ പലരും 60 കടന്ന യുവജനം

ന്യൂഡൽഹി: കോൺഗ്രസ് കേന്ദ്ര നേതൃത്വത്തിനു സംസ്ഥാന ഘടകം സമർപ്പിച്ച കെപിസിസി ഭാരവാഹികളുടെ പട്ടികയിൽ യുവാക്കൾക്കും വനിതകൾക്കും ദലിതർക്കും വേണ്ട പ്രാതിനിധ്യമില്ല. ഭാരവാഹികളിലെ പുതുമുഖങ്ങളെന്ന പേരിൽ ഉൾപ്പെടുത്തിയവർ പലരും 60 വയസ് കടന്നവരാണ്. വർക്കല കഹാർ, കരകുളം കൃഷ്ണപിള്ള, എൻ. ശക്തൻ, എ.എ. ഷുക്കൂർ, ബാബു പ്രസാദ്, വി.ജെ. പൗലോസ് തുടങ്ങിയവർ പുതുമുഖങ്ങളുടെ പട്ടികയിലുണ്ട്. രാജ്മോഹൻ ഉണ്ണിത്താനെയും വക്കം പുരുഷോത്തമനെയും ഒഴിവാക്കി.

നേരത്തേ, കെപിസിസി അംഗങ്ങളെ തീരുമാനിക്കുന്നതിൽ നേതാക്കൾ തമ്മിൽ ഒത്തുതീർപ്പിലെത്തിയില്ലെങ്കിൽ കർശന നടപടികളുമായി മുന്നോട്ടു പോകുമെന്നു കേന്ദ്ര തിരഞ്ഞെടുപ്പ് സമിതി അറിയിച്ചിരുന്നു. അങ്ങനെ വന്നാൽ കേരളത്തിൻറെ പങ്കാളിത്തം ഇല്ലാതെ കോൺഗ്രസ് അധ്യക്ഷനെ തിരഞ്ഞെടുക്കുമെന്നും സമിതി മുന്നറിയിപ്പു നൽകിയിരുന്നു.

പിസിസി അംഗങ്ങളെ തിരഞ്ഞെടുത്തു രാഹുൽ ഗാന്ധിയെ കോൺഗ്രസ് അധ്യക്ഷനാക്കണമെന്ന പ്രമേയം പാസാക്കാൻ കേന്ദ്ര തിരഞ്ഞെടുപ്പ് സമിതി നൽകിയ അവസാന ദിവസമാണ് ഇന്ന്. എന്നാൽ ചർച്ചകളിൽ സമവായത്തിൽ എത്താത്തതിനാൽ കേരളത്തിൽ കെപിസിസി അംഗങ്ങളെ തിരഞ്ഞെടുക്കാൻ സാധിച്ചിരുന്നില്ല.

നിരവധി തവണ സമയം നീട്ടിനൽകിയിട്ടും പട്ടികയിൽ സമവായമാകാത്തതിൽ കോൺഗ്രസ് കേന്ദ്ര നേതൃത്വത്തിനു അതൃപ്തി ഉണ്ട്. കേരള നേതാക്കളെയും എംപിമാരെയും ഒരുമിച്ചിരുത്തി തിരഞ്ഞെടുപ്പ് സമിതി അധ്യക്ഷൻ മുല്ലപ്പള്ളി രാമചന്ദ്രൻ ചർച്ച നടത്തിയെങ്കിലും പരാജയപ്പെട്ടിരുന്നു. ഇതിനിടെയാണ് പട്ടിക പുറത്തുവന്നത്.

കേരളം ഒഴികെയുള്ള എല്ലാ പിസിസികളും ജനറൽ ബോഡി കൂടുകയും രാഹുൽ ഗാന്ധിയെ അധ്യക്ഷനാക്കണമെന്ന പ്രമേയം പാസാക്കുകയും ചെയ്തു.

ചില ലോക്സഭാ മണ്ഡലങ്ങളിലെ ഏതാനും പേരുകളെ ചൊല്ലിയാണ് തർക്കം തുടർന്നത്. കൂടിയാലോചനയില്ലാതെയാണു പട്ടിക തയാറാക്കിയതെന്ന് എംപിമാർ ആരോപണം ഉന്നയിച്ചതോടെയാണു കെപിസിസി നൽകിയ പട്ടിക തിരഞ്ഞെടുപ്പു സമിതി തടഞ്ഞു വച്ചത്.

കേരള പ്രവാസി സംഘം സേവാ കേന്ദ്രം ഉദ്ഘാടനം

പാലക്കാട്: കേരള പ്രവാസി സംഘം ഏരിയ കമ്മിറ്റി ഓഫീസ് അഡ്വ.കെ.ശാന്തകുമാരി 14 ന് വൈകിട്ട് 4 ന് ഉദ്ഘാടനം ചെയ്യും. പുതുപ്പള്ളിതെരുവിൽ നടക്കുന്ന സമ്മേളനത്തിൽ പ്രവാസി ക്ഷേമനിധി ബോർഡ് ചെയർമാൻ പി.ടി.കുഞ്ഞുമുഹമ്മദിനും മറ്റ് ഡയറക്ടർ ബോർഡ് അംഗങ്ങൾക്കും സ്വീകരണം നൽകും.

സജീവ് തൈക്കാട്, പി.സെയ്താലിക്കുട്ടി, കെ.വിജയൻ, വി.കെ.ഉമ്മർ അഡ്വ.മജീദ് എന്നിവർ സംസാരിക്കുമെന്ന് സംഘടനാ ഭാരവഹികളായ എം.ഷാഫിഖുറൈഷി, എ.കെ.മൂസ്സാമാസ്റ്റർ, അഡ്വ.മജീദ് എന്നിവർ അറിയിച്ചു.

ഡൽഹിയിൽ ചെന്നിത്തല -ആന്റണി കൂടിക്കാഴ്ച

ന്യൂഡൽഹി: കെപിസിസി ഭാരവാഹി പട്ടിക സംബന്ധിച്ച പരാതികളും സോളാർ വിവാദവും നിറഞ്ഞ നിൽക്കുന്നതിനിടെ പ്രതിപക്ഷ നേതാവ് രമേശ് ചെന്നിത്തല ഡൽഹിയിൽ മുതിർന്ന നേതാക്കളുമായി കൂടിക്കാഴ്ച നടത്തി. എഐസിസി അംഗം എ.കെ. ആന്റണിയുമായി കൂടിക്കാഴ്ച നടത്തിയ ചെന്നിത്തല മുല്ലപ്പള്ളി രാമചന്ദ്രൻ, വയലാർ രവി എന്നിവരെയും കാണുമെന്നാണ് സൂചന.

പരമഗീതം സംഗീതോത്സവം 14 മുതൽ അയിലൂരിൽ

പാലക്കാട്: അയിലൂർ കൃഷ്ണാർപ്പണം സംഗീത സഭ അവതരിപ്പിക്കുന്ന പരമഗീതം സംഗീതധാര 14, 15 തിയതികളിൽ അയിലൂർ ശ്രീകുറുംബ ഭഗവതി ക്ഷേത്രം അങ്കണത്തിൽ നടക്കും. രാവിലെ 9 ന് മണ്ണൂർ രാജകുമാരനുണ്ണി, സദനം ഹരികുമാർ, ചെമ്പൈ വിദ്യാപീഠം അധ്യാപകർ, ഉഷ മോഹൻ എന്നിവരുടെ നേതൃത്വത്തിൽ പഞ്ചരത്ന കീർത്തനാലാപനത്തോടെ തുടക്കമാകും.

പരമൻ ഭാഗവതർ നഗറിൽ നടക്കുന്ന സംഗീതധാര ഡോ. വിദ്യാമുരളീധർ തിരിതെളിയിക്കും.

തുടർന്ന് ഭജൻസ്, സ്പെഷൽ കച്ചേരികൾ, പുല്ലാങ്കുഴൽ കച്ചേരി, ഭരതനാട്യം, പക്കമേളം എന്നിവയും നടക്കുമെന്ന് ഭാരവാഹികൾ പത്രസമ്മേളനത്തിൽ അറിയിച്ചു.

പത്രസമ്മേളനത്തിൽ കൃഷ്ണാർപ്പണം സംഗീത സഭ പ്രസിഡന്റ് കെ.പി.മുരളീധരൻ, പ്രോഗ്രാം കോർഡിനേറ്റർ വാസവൻ, ഗോപാലൻകുട്ടി മേനോൻ, സി.മണി എന്നിവർ പങ്കെടുത്തു.

ടിപി കേസിൽ ഒത്തുതീർപ്പുണ്ടായിട്ടില്ല; സോളർ കേസ് ആസൂത്രിതം: തിരുവഞ്ചൂർ

കോട്ടയം: തന്റെ അറിവിൽ ടി.പി. ചന്ദ്രശേഖരൻ വധക്കേസ് അന്വേഷണത്തിൽ ഒത്തുതീർപ്പുണ്ടായിട്ടില്ലെന്നു തിരുവഞ്ചൂർ രാധാകൃഷ്ണൻ. അതിനെക്കുറിച്ച് അറിവുള്ളവർ പറയട്ടെയെന്നും വി.ടി. ബൽറാമിന്റെ ഫെയ്സ്ബുക് പോസ്റ്റിനു മറുപടിയായി തിരുവഞ്ചൂർ വ്യക്തമാക്കി. കോട്ടയത്ത് മാധ്യമങ്ങളോടു സംസാരിക്കുകയായിരുന്നു അദ്ദേഹം. ടിപി വധക്കേസിലെ ഗൂഢാലോചനക്കാരും പിടിയിലായിട്ടുണ്ട്. അന്വേഷണം പൂർണമായില്ലെന്നു പറയുന്നത് ശരിയല്ലെന്നും തിരുവഞ്ചൂർ കൂട്ടിച്ചേർത്തു. ടി.പി. ചന്ദ്രശേഖരൻ വധക്കേസ് നേരാവണ്ണം അന്വേഷിക്കാതെ ഇടയ്ക്കുവച്ച് ഒത്തുതീർപ്പാക്കിയതിന്റെ പ്രതിഫലമാണ് സോളർ കേസെന്നുമായിരുന്നു വി.ടി. ബൽറാമിന്റെ വിമർശനം.

സോളർ റിപ്പോർട്ടിന്റെ പകർപ്പിനായി കോൺഗ്രസ് കോടതിയിലേക്ക്

തിരു: സോളർ കമ്മിഷൻ റിപ്പോർട്ടിന്റെ പകർപ്പു ലഭിക്കാനുള്ള ശ്രമത്തിലാണ് ആരോപണ വിധേയരായ നേതാക്കളും കെപിസിസിയും. വിവരാവകാശ നിയമപ്രകാരമോ കോടതി വഴിയോ ഇതിനായി ശ്രമിക്കാനാണു തീരുമാനം. അതേസമയം, വിദഗ്ധ നിയമോപദേശം തേടാനും ഹൈക്കമാൻഡിനെ വിവരങ്ങൾ ധരിപ്പിക്കാനും നീക്കം ആരംഭിച്ചു.

എങ്ങനെയും സോളർ കമ്മിഷൻ റിപ്പോർട്ടിന്റെ സമ്പൂർണ്ണ രൂപം വാങ്ങുക എന്നതാണ് കെപിസിസിയുടെ ആദ്യ ലക്ഷ്യം. നിയമപരമായും രാഷ്ട്രീയമായും നീങ്ങാൻ റിപ്പോർട്ട് ലഭിച്ചേ മതിയാകൂ. വിവരാവകാശ നിയമപ്രകാരം അപേക്ഷിക്കും. അതു ലഭിച്ചില്ലെങ്കിൽ കോടതി വഴി നീങ്ങും. നിയമസഭയിൽ റിപ്പോർട്ട് വരുന്നതുവരെ കാത്തിരിക്കാനാവില്ല. റിപ്പോർട്ടിന്റെ പകർപ്പ് നിയമസഭയുടെ മേശപ്പുറത്തു വയ്ക്കാതെ വാർത്താ സമ്മേളനത്തിൽ വെളിപ്പെടുത്തിയ മുഖ്യമന്ത്രിയുടെ നടപടി കെട്ടിയിട്ടു തല്ലുന്നതിനു തുല്യമായിപ്പോയി എന്നാണ് ഒരു മുതിർന്ന നേതാവ് അഭിപ്രായപ്പെട്ടത്. വിദഗ്ധ നിയമോപദേശം ഉടൻ തേടും. കമ്മിഷന്റെ കണ്ടെത്തലുകളായി സർക്കാർ അവതരിപ്പിച്ചതു വെറും രാഷ്ട്രീയ ഭാഷ്യം മാത്രമാണെന്ന് അഭിപ്രായപ്പെടുന്നവരുമുണ്ട്.

സ്ത്രീപീഡനക്കേസിനെ സംബന്ധിച്ചും അവ്യക്തതകളുണ്ട്. എഫ് ഐ ആർ റജിസ്റ്റർ ചെയ്തു തുടർ നടപടികളുമായി മുന്നോട്ടുപോയാൽ എങ്ങനെ നേരിടണമെന്നതിനെ കുറിച്ചു വിവിധ അഭിപ്രായങ്ങളുണ്ട്. മുൻമുഖ്യമന്ത്രിക്കെതിരെ സരിത ഉന്നയിച്ച ആരോപണം വാസ്തവിരുദ്ധമാണെന്ന നിലപാടാവും നേതൃത്വം സ്വീകരിക്കുക. പുനഃസംഘടന അവസാനഘട്ടത്തിലെത്തിയ സാഹചര്യത്തിൽ ഇക്കാര്യങ്ങളെല്ലാം ഹൈക്കമാൻഡിനെ ബോധ്യപ്പെടുക എന്ന കടമ്പയും ആരോപണ വിധേയർക്കു മുന്നിലുണ്ട്.

മന്ത്രി ചാണ്ടി മാർത്താണ്ഡം കായൽ നികത്തരുതെന്ന് ഹൈക്കോടതി

കൊച്ചി: മന്ത്രി തോമസ് ചാണ്ടി മാർത്താണ്ഡം കായൽ നികത്തരുതെന്ന് ഹൈക്കോടതി ഉത്തരവായി.

മന്ത്രിക്കെതിരെയുള്ള ഹർജിയിലാണു ഹൈക്കോടതി നിർദേശം. കായൽ നികത്തിയ മണ്ണു നീക്കാൻ നിർദേശം നൽകിയെന്നും സർക്കാർ ഹൈക്കോടതിയെ അറിയിച്ചു. മാർത്താണ്ഡം കായലുമായി ബന്ധപ്പെട്ടു നിയമലംഘനങ്ങൾ ഉണ്ടാകുന്നില്ലെന്ന കാര്യം റവന്യൂ വകുപ്പ് ഉറപ്പുവരുത്തണമെന്നു കോടതി സർക്കാരിനോടു നിർദേശിച്ചു. സ്റ്റോപ് മെമ്മോ നിലവിലുണ്ടോ എന്ന കാര്യത്തിൽ വ്യക്തത ഉണ്ടാക്കുന്നതിനാണ് ഇന്നു കോടതി കേസ് പരിഗണിച്ചത്.

കായൽ കയ്യേറ്റത്തിൽ ഹൈക്കോടതിയുടെ നിർദേശത്തിന്റെ അടിസ്ഥാനത്തിൽ നടപടിയെടുക്കുമെന്ന് റവന്യൂമന്ത്രി ഇ. ചന്ദ്രശേഖരൻ കഴിഞ്ഞ ദിവസം പറഞ്ഞിരുന്നു.

തോമസ് ചാണ്ടിക്കെതിരെ ആലപ്പുഴ നഗരസഭയും നടപടികളെടുത്തിരുന്നു.

പരിസ്ഥിതി പ്രാധാന്യമുള്ള റാംസർ മേഖലയായ കുട്ടനാട്ടിലാണ് മാർത്താണ്ഡം കായൽ.

കൃഷിക്കായി ഇവിടെ അറുനൂറിലേറെ പേർക്കു പട്ടയം നൽകിയിരുന്നു. കൃഷി ചെയ്യാൻ 95 സെന്റ് പാടശേഖരവും ഉടമകൾക്കു താമസിക്കാൻ അഞ്ചു സെന്റ് പുരയിടവുമാണു നൽകിയത്.

അഞ്ചു സെന്റ് വീതമുള്ള പുരയിടം പുറംബണ്ടിനോടും അകംബണ്ടിനോടും ചേർന്നാണു നൽകിയത്. രണ്ടു പുരയിടങ്ങളുടെ ഇടയിൽ ഒന്നര മീറ്റർ പൊതുവഴിയുണ്ട്.

ഇതിൽ പെട്ട 64 പ്ലോട്ടുകളാണു തോമസ് ചാണ്ടി വാങ്ങിയത്. പുരയിടം നികത്തിയ കൂട്ടത്തിൽ പ്ലോട്ടുകളുടെ ഇടയിലുള്ള പൊതുവഴിയും മണ്ണിട്ടു നികത്തിയതായി പരാതി ലഭിച്ചിരുന്നു. തുടർന്നാണു സ്റ്റോപ്പ് മെമ്മോ നൽകിയത്.

വസ്ത്രങ്ങൾക്ക്
SHOBHA
DRESSES & TEXTILES
C H COMPLEX, G B ROAD
PALAKKAD, KERALA
Office:9446033753, 04912520172
SISTERS CONCERNS: SHOBHA FAMILY PLANET C.B.E Road, Palakkad

KALYAN
JEWELLERS
GB Road, Palakkad - 678 001. Ph: 0491 2533744
104 branches spread across India and Middle East / www.kalyanjewellers.net / open on all Sundays / follow us on f & t
Toll Free - 1800 425 7333